

കൊല്ലം ആശ്രാമം മൈതാനത്തു നടക്കുന്ന വനിതാ മാക്സ് ഷോപ്പിങ് ഫെസ്റ്റിലെ തിരക്ക്

# നീരയുടെ രുചി അറിയണമെന്നുണ്ടോ?

കൊല്ലം ● നീര എന്ന പേരിൽ തന്നെ ഒരു രുചിയുണ്ട്. കേരളത്തിന്റെ സ്വന്തം രുചിയാണത്. ആ രുചി ഇതുവരെ അനുഭവിച്ചിട്ടില്ലാത്തവർക്ക് അതു രുചിക്കാനും മനസിലാക്കാനും ആശ്രാമം മൈതാനത്ത് നടക്കുന്ന വനിതാ മാക്സിൽ അവസരം.

നീര മാത്രമല്ല, നീരയിൽനിന്ന് ഉൽപാദിപ്പിക്കുന്ന നീര ലെമൺ സ്ക്വാഷ്, നീര ഫ്രൂട്ട് സ്പ്രെഡ്, നീര ഹണി, കോക്കനട്ട് പാം സിറപ്പ്, കോക്കനാട്ട് പാം ഷുഗർ, കോക്കനട്ട് പാം ജാഗറി (തെങ്ങിൻ ചക്കര) എന്നിവയും വനിതാ മാക്സിൽ സ്വന്തമാക്കാം.

പരീക്ഷാക്കാലത്തെ വരവേൽക്കാൻ മനോരമ ഒരുക്കുന്ന പഠന സിഡികളുടെ സ്റ്റാളുകൾ കുട്ടികൾക്കു സഹായകമാകും. ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കു സഹായകമായ ഇ-ട്യൂട്ടർ ആണു പഠനത്തിൽ സഹായിക്കാനായി തയാറാക്കിയിരിക്കുന്നത്.

കളികളിലൂടെ പഠനത്തിലേക്കു കുട്ടികളെ നയിക്കുന്നതിന് എജ്യുക്കേഷനൽ ഗെയിം സിഡികൾ സഹായകമാകും. മുതിർന്ന വിദ്യാർഥികൾക്കു പഴ്സനാലിറ്റി ഡവലപ്മെന്റ്, ഹ്യൂമൻ ബോഡ് സിസ്റ്റം, മെഡിക്കൽ - എൻജിനീയറിങ് എൻട്രൻസ് വിന്നർ, സ്പീക്ക് ഇംഗ്ലിഷ്, കംപ്യൂട്ടർ സ്വയം പഠിക്കാൻ എംഎസ് ഓഫിസ്, വേഡ്, എക്സൽ, പവർ പോയിന്റ് എന്നിവ ലഭിക്കും.

സാധാരണ ദിവസങ്ങളിൽ ഒന്നു മുതൽ രാത്രി ഒൻപത് വരെയും അവധി ദിവസങ്ങളിൽ 11 മുതൽ ഒൻപത് വരെയുമാണു സന്ദർശന സമയം. പ്രവേശനം ടിക്കറ്റ് മുഖേന.

**വനിതാ മാക്സിൽ ഇന്ന്:**

മൂന്നു മണി: സെമിനാർ. അമിത വണ്ണം കുറയ്ക്കാം എന്ന വിഷയത്തിൽ പ്രമുഖ ന്യൂട്രീഷൻ കൺസൽറ്റന്റും ഡയറ്റ് സ്പെഷലിസ്റ്റുമായ ഡോ. അനിത മോഹൻ പ്രഭാഷണം നടത്തും.

6.30നു കൊച്ചിൻ ഗോൾഡൻ ബീറ്റ്സിന്റെ ഗാനമേള.